# പതിമൂന്നാം കേരളനിയമസഭ
## പന്ത്രണ്ടാം സമ്മേളനം
### നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 2626 10.12.2014 ൽ മറുപടിക്ക്

**കഞ്ചിക്കോട് ഇരുമ്പുരുക്ക് കമ്പനികൾ- ആരോഗ്യപ്രശ്നങ്ങൾ**

| ചോദ്യം<br>ശ്രീ. എം.ഹംസ : | | മറുപടി<br>ശ്രീ.വി.എസ്.ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | പാലക്കാട് കഞ്ചിക്കോട് വ്യവസായ മേഖലയിൽ പ്രവർത്തിക്കുന്ന ഇരുമ്പുരുക്ക് കമ്പനികൾ സമീപമേഖലയിലെ ജനങ്ങൾക്കുണ്ടാക്കുന്ന ആരോഗ്യ പ്രശ്നങ്ങൾ എന്തെല്ലാമാണെന്ന് കണ്ടെത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ ; | (എ) | പാലക്കാട് കഞ്ചിക്കോട് വ്യവസായ മേഖലയിൽ പ്രവർത്തിക്കുന്ന ഇരുമ്പുരുക്ക് കമ്പനികൾക്ക് സമീപമുള്ള വിവേകാനന്ദ കോളനിയിൽ ആരോഗ്യ വകുപ്പിന്റെ നേതൃത്വത്തിൽ സർവ്വെ നടത്തിയതിൽ താഴെ വിവരിച്ച പ്രകാരം ആരോഗ്യ പ്രശ്നങ്ങൾ കണ്ടെത്തിയിട്ടുണ്ട്.<br><br>ബി.പി (ഉയർന്ന രക്തസമ്മർദ്ദം) - 10<br>ശ്വാസ സംബന്ധമായ രോഗങ്ങൾ - 5<br>ത്വക്ക് സംബന്ധമായ രോഗങ്ങൾ - 1<br>അലർജി - 8<br>കിഡ്നി സ്റ്റോൺ - 3<br>-----------<br>ആകെ 27<br>=========== |
| (ബി) | പ്രസ്തുത കമ്പനികൾ ജനങ്ങൾക്ക് ഉണ്ടാക്കുന്ന ഗുരുതരമായ ആരോഗ്യ പ്രശ്നങ്ങൾ സംബന്ധിച്ച് പഠനം നടത്തുന്നതിനായി ആരോഗ്യ വകുപ്പധികാരികൾ എത്ര തവണ കഞ്ചിക്കോട് വ്യവസായ മേഖലയിൽ പരിശോധന നടത്തിയിട്ടുണ്ട് ; വിശദാംശം നൽകാമോ ; | (ബി) | ഇരുമ്പുരുക്ക് കമ്പനികളിലെ സാനിട്ടേഷൻ സംവിധാനം, ആരോഗ്യ പ്രശ്നങ്ങൾ എന്നിവ തൊഴിൽ വകുപ്പിന്റെ നേതൃത്വത്തിൽ പഠനത്തിന് വിധേയമാക്കി ആവശ്യമായ നടപടികൾ കൈക്കൊള്ളാനാണ് പഠന റിപ്പോർട്ടിൽ ശുപാർശ ചെയ്തിട്ടുള്ളത്. ആയതിന്റെ അടിസ്ഥാനത്തിൽ ആരോഗ്യ വകുപ്പ് പാലക്കാട് ഡെപ്യൂട്ടി ജില്ലാ മെഡിക്കൽ ആഫീസറുടെ നേതൃത്വത്തിൽ വിവേകാനന്ദ കോളനിയിൽ സർവ്വെ നടത്തുകയും ആയതുമായി ബന്ധപ്പെട്ട റിപ്പോർട്ട് ഏലൂർ പഞ്ചായത്തിൽ നടപ്പിലാക്കിയതു പോലെ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയ്ക്ക് രൂപം കൊടുത്ത് നടപ്പിലാക്കാൻ ആവശ്യമായ നടപടികൾ എടുക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് പുതുശ്ശേരി ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയ്ക്ക് നൽകുകയും ചെയ്തിട്ടുണ്ട്.<br>സേഫ് കേരള ഊർജ്ജിത പകർച്ചവ്യാധി നിയന്ത്രണ പരിപാടിയുടെ ഭാഗമായി ഡെപ്യൂട്ടി ജില്ലാ മെഡിക്കൽ ആഫീസറുടെ നേതൃത്വത്തിൽ കഴൽമന്ദം സാമൂഹികാരോഗ്യ കേന്ദ്രത്തിലെ ഹെൽത്ത് സൂപ്പർവൈസർ, തൊഴിൽ വകുപ്പിലെ ഉദ്യോഗസ്ഥർ എന്നിവർ സംയുക്തമായി 22/7/14-ന് ഇരുമ്പുരുക്ക് കമ്പനികൾ പരിശോധിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | പ്രസ്തുത പരിശോധനകളിൽ എന്തെല്ലാം കണ്ടെത്തലുകൾ ഉണ്ടായി ; അതിൻ പ്രകാരം എന്തെല്ലാം നിർദ്ദേശങ്ങൾ ആണ് പരിഹാര നടപടിയായി സ്റ്റീൽ കമ്പനി അധികാരികൾക്ക് നൽകിയത് ; പ്രസ്തുത ഉത്തരവുകൾ കമ്പനികൾ നടപ്പിലാക്കിയോ ; വിശദാംശം വ്യക്തമാക്കുമോ ? | (സി) | സേഫ് കേരളയുടെ ഭാഗമായി തൊഴിൽ വകുപ്പുമായി ചേർന്ന് 22/7/14-ന് നടത്തിയ പരിശോധനയിൽ ആറ് ഇരുമ്പുരുക്ക് കമ്പനികൾ സന്ദർശിക്കുകയും താഴെപ്പറയുന്ന കാര്യങ്ങൾ ശ്രദ്ധയിൽപ്പെടുകയും ചെയ്തിട്ടുണ്ട്.<br>1. വൃത്തിഹീനമായ സാഹചര്യങ്ങളിലാണ് തൊഴിലാളികളെ താമസിപ്പിച്ചിരിക്കുന്നത്.<br>2. ടോയ് ലെറ്റ് സൗകര്യങ്ങളുടെ അപര്യാപ്തത<br>3. തൊഴിലാളികളുടെ കൃത്യമായ വിവരങ്ങൾ രേഖപ്പെടുത്തുന്ന സംവിധാനം ഇല്ലാത്തത്.<br>4. തൊഴിൽ സുരക്ഷാ സംവിധാനങ്ങൾ നൽകുന്നതിലുള്ള പാളിച്ചകൾ.<br>5. തൊഴിലാളികൾക്ക് പതിവായി നൽകി വരേണ്ട വൈദ്യ പരിശോധനാ സൗകര്യങ്ങളുടെ ഇല്ലായ്മ.<br>ഇരുമ്പുരുക്ക് കമ്പനികൾക്ക് ആവശ്യമായ നിർദ്ദേശം നൽകുകയും തൊഴിൽ വകുപ്പിന്റെ ശ്രദ്ധയിൽ കൊണ്ടു വരികയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ